പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 841

07/02/2013-ൽ മറുപടിയ്ക്ക്

**ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണം**

ചോദ്യം

ശ്രീ. എ. പ്രദീപ് കുമാർ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

എ) ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രക്കുളങ്ങൾ പുനരുദ്ധരിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ ;

ബി) എങ്കിൽ, പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം ക്ഷേത്രക്കുളങ്ങളാണ് പുനരുദ്ധരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

എ) & ബി) ഉണ്ട്. ക്ഷേത്രങ്ങളോടു ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും പുനരുദ്ധാരണ പദ്ധതി ആവിഷ്കരിക്കുന്നതിനായി സർക്കാർ തിരുവിതാംകൂർ, മലബാർ ദേവസ്വം ബോർഡുകൾക്ക് 2 കോടി രൂപാ വീതവും, കൊച്ചിൻ ദേവസ്വം ബോർഡിന് 1 കോടി രൂപയും 2011-12 -ൽ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ചുനൽകിയ തുകയിൽ നിന്നും പെരുമാനൂർ വിജയപുരം ശ്രീകൃഷ്ണ സ്വാമി ക്ഷേത്രക്കുളം, അരിപ്പറമ്പ് മഹാദേവർ ക്ഷേത്രക്കുളം, വെണ്ണിമല രാമലക്ഷ്മണ ക്ഷേത്രക്കുളം, തൃക്കയിൽ മഹാദേവ ക്ഷേത്രക്കുളം, അരൂർ ശ്രീ കാർത്ത്യായനി ദേവി ക്ഷേത്രക്കുളം, തുറവൂർ ക്ഷേത്രക്കുളം, ശ്രീ പുരുഷമംഗലം ക്ഷേത്രക്കുളം, വർക്കല ജനാർദ്ദന സ്വാമി ക്ഷേത്രക്കുളം എന്നിവയുടെ പുനരുദ്ധാരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. മറ്റ് ദേവസ്വം ബോർഡുകളുടെ കാര്യത്തിൽ വിവിധ ക്ഷേത്രങ്ങൾക്കുള്ള ധനസഹായം നൽകുന്നതിനുള്ള അപേക്ഷകൾ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ